പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2823.

20.06.2013 ൽ മറുപടിക്ക്

## പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് ; | (എ) എഫ്.സി.ഐ. ഡിപ്പോകളിൽ നിന്നും വിതരണം ചെയ്യപ്പെടുന്ന സ്റ്റോക്ക് വിതരണത്തിനു മുൻപ് എഫ്.സി.ഐ.യിലെ ക്വാളിറ്റി പരിശോധനാ ഉദ്യോഗസ്ഥർ, ജില്ലാ സപ്ലൈ ആഫീസർ എന്നിവർ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നു. എഫ്.സി.ഐ/എ.ഡബ്ല്യൂ.ഡി. എന്നിവിടങ്ങളിൽ നിന്ന് സാമ്പിൾ വിതരണം ചെയ്യുകയും എ.ആർ.ഡി.കളിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യസാധനങ്ങൾ വിതരണം നടത്തുന്ന പൊതുവിതരണ കേന്ദ്രങ്ങൾക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ ; | (ബി) ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നത് ശ്രദ്ധയിൽ പ്പെട്ടാൽ അത്തരം പൊതുവിതരണ കേന്ദ്രങ്ങൾക്കെതിരെ കേരളാ റേഷനിംഗ് ഓർഡർ പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്. |

(സി) പൊതുവിതരണ കേന്ദ്രങ്ങളിലെയും, പൊതുവിപണിയിലെയും ഭക്ഷ്യ സാധനങ്ങളുടെ വിലയിലുള്ള അന്തരം വിശദമാക്കുമോ?

(സി) പൊതുവിതരണ കേന്ദ്രങ്ങളിലെയും, പൊതു വിപണിയിലെയും ഭക്ഷ്യധാന്യങ്ങളുടെ വില ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചത് ചുവടെ ചേർക്കുന്നു.

| ഇനം | പൊതുവിതരണ കേന്ദ്രം | പൊതു വിപണി |
|---|---|---|
| അരി | BPL -1 Rs./Kg | ആന്ധ്ര വെള്ള അരി - 33 |
| | APL -8.90 Rs./Kg | ചമ്പ വെള്ള അരി - 30 |
| | APL.ss -2 Rs./Kg | പാലക്കാടൻ ജയ - 31 |
| ഗോതമ്പ് | BPL -2 Rs./Kg | 28 Rs../Kg |
| | APL - 6.70 Rs./Kg | |
| | APL.ss -2 Rs./Kg | |
| പഞ്ചസാര | BPL-13.50 Rs./Kg | 35 Rs./Kg |
| ആട്ട | APL - 12 Rs./Kg | 29 Rs./Kg |

സെക്ഷൻ ഓഫീസർ